(സി) വകുപ്പുതല വിജിലൻസിലേക്ക് നിയോഗിക്കപ്പെടുന്ന ഉദ്യോഗസ്ഥർ മാതൃകാപരമായി സേവനമനുഷ്ഠിച്ചവരാണെന്ന് ഉറപ്പുവരുത്തുവാൻ സർക്കാർ ശ്രദ്ധിക്കുന്നുണ്ടോ ;

(ഡി) നിരവധി കേസുകളും ആക്ഷേപങ്ങളും നിലവിലുള്ള ഏതെങ്കിലും ഉദ്യോഗസ്ഥരെ വകുപ്പുതല വിജിലൻസിലേക്ക് നിയമിക്കപ്പെട്ടതായി ആക്ഷേപം ഉണ്ടായിട്ടുണ്ടോ ;

(ഇ) എങ്കിൽ അത്തരം ആളുകളെ മാറ്റിനിർത്താൻ നടപടി സ്വീകരിക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) :

(എ) വകുപ്പുതല വിജിലൻസ് സെല്ലിന്റെ പ്രവർത്തനം ഒരു വിജിലൻസ് ഓഫീസറുടെ നിയന്ത്രണത്തിലാണ്. എല്ലാ വകുപ്പുകളിലേയും പൊതുമേഖലാ സ്ഥാപങ്ങളിലേയും സീനിയറായിട്ടുള്ള (നമ്പർ II ലവൽ) ഓഫീസർമാരെ സീനിയോറിറ്റി അടിസ്ഥാനത്തിൽ വകുപ്പുമേധാവികളുടെ നിർദ്ദേശപ്രകാരം വിജിലൻസ് ഡയറക്ടറിൽനിന്നും ക്ലിയറൻസ് വാങ്ങിയശേഷം വിജിലൻസ് ഓഫീസർമാരായി നിയമിക്കുന്നു. വകുപ്പുതലത്തിൽ ലഭിക്കുന്ന പരാതികൾ അന്വഷണം നടത്തി പ്രഥമദൃഷ്ട്യാ അഴിമതിയുണ്ടെന്നു തെളിഞ്ഞാൽ മേൽ നടപടികൾക്കായി സെക്രട്ടേറിയറ്റിലെ വിജിലൻസ് ഡിപ്പാർട്ടുമെന്റിനു കൈമാറുക എന്നതാണ് ഈ സെല്ലിന്റെ ചുമതല.

(ബി) വിജിലൻസ് കേസിന്റെ പ്രതിമാസ അവലോകന റിപ്പോർട്ട് ഓരോ വകുപ്പിൽനിന്നും സർക്കാരിന് ലഭ്യമാക്കേണ്ടതാണ്. വിജിലൻസ് ഓഫീസർമാരുടെ കോൺഫറൻസുകളും പരിശീലന പരിപാടികളും സംഘടിപ്പിക്കേണ്ടതാണ്. വിജിലൻസ് ആഫീസർമാരുടെ വാർഷികയോഗം പ്രസ്തുത വകുപ്പിന്റെ ചുമതലയുള്ള മന്ത്രിയുടെ അദ്ധ്യക്ഷതയിൽ വിളിച്ചുകൂട്ടേണ്ടതും വകുപ്പുതല വിജിലൻസ് പ്രവർത്തനങ്ങളെക്കുറിച്ചുള്ള എല്ലാ സുപ്രധാനകാര്യങ്ങളും പ്രസ്തുത യോഗത്തിൽ ചർച്ചചെയ്തു തീരുമാനമെടുക്കേണ്ടതും ആണ്.

(സി) ഉണ്ട്.

(ഡി) ഇല്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

**ഗവൺമെന്റ് ആശുപത്രികളിൽ മരുന്നുകൾ സൂക്ഷിക്കുന്നതിന് ശാസ്ത്രീയമായ ആധുനിക സൗകര്യങ്ങൾ**

14 (*763) ശ്രീ. മാങ്കോട് രാധാകൃഷ്ണൻ :
ശ്രീ. എൻ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ആശുപത്രികളിൽ മരുന്നുകൾ സൂക്ഷിച്ചു വയ്ക്കുന്നതിനുള്ള സൗകര്യങ്ങൾ ഇല്ലാത്തതിന്റെ ഫലമായി ഔഷധങ്ങളുടെ വീര്യം നശിച്ചുപോകുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിന് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഗവൺമെന്റ് ആശുപത്രികളിലെ ഡ്രഗ് സ്റ്റോറുകളിൽ ശാസ്ത്രീയമായ രീതിയിലുള്ള ആധുനികസൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ) :

(എ) ഇത്തരം സാഹചര്യം നിലവിലില്ല.

(ബി) എല്ലാ ജില്ലാ മെഡിക്കൽ സ്റ്റോറുകളും കമ്പ്യൂട്ടർവൽക്കരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. എം.ജി.പി. പ്രോഗ്രാമിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ മരുന്നുസംഭരണവും വിതരണവും കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ശീതീകരണ സംവിധാനം, കമ്പ്യൂട്ടർവൽക്കരണം തുടങ്ങിയ പ്രൊപ്പോസലുകൾ തയ്യാറാക്കിയിട്ടുണ്ട്.

**ഡൂപ്ലിക്കേറ്റ് താക്കോൽ നിർമ്മാണ സ്ഥാപനങ്ങളെ നിയന്ത്രിക്കാൻ നടപടി**

15 (*764) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിവിധ സ്ഥലങ്ങളിൽ ഡൂപ്ലിക്കേറ്റ് താക്കോൽ നിർമ്മാണ സ്ഥാപനങ്ങൾ പെരുകിവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇങ്ങനെയുള്ള സ്ഥാപനങ്ങൾ സർക്കാർ നിബന്ധനകൾക്ക് വിധേയമായിട്ടാണോ പ്രവർത്തിക്കുന്നത് എന്ന് അറിയിക്കാമോ ;

(സി) അനധികൃതമായി പെരുകിവരുന്ന ഇത്തരം സ്ഥാപനങ്ങൾ അറിഞ്ഞോ അറിയാതെയോ വാഹനമോഷ്ടാക്കളെ സഹായിക്കുന്ന വിധത്തിലുള്ളവരാണെന്ന സംഗതി സർക്കാർ പരിശോധിച്ചിട്ടുണ്ടോ ;

(ഡി) ഡൂപ്ലിക്കേറ്റ് താക്കോൽ നിർമ്മാണ സ്ഥാപനങ്ങളെ നിയന്ത്രണ വിധേയമാക്കുന്നതിനും ഇതുവഴിയുള്ള ദുരുപയോഗം തടയുന്നതിനും സർക്കാർ അടിയന്തിര നടപടി സ്വീകരിക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) :

(എ) ഡൂപ്ലിക്കേറ്റ് താക്കോൽ നിർമ്മാണ സ്ഥാപനങ്ങൾ സംസ്ഥാനത്തെ വിവിധ കേന്ദ്രങ്ങളിൽ പ്രവർത്തിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇത്തരം സ്ഥാപനങ്ങൾക്ക് പോലീസ് വകുപ്പിൽനിന്നും നിബന്ധനകൾ ഒന്നും വെച്ചിട്ടില്ല.

(സി) വാഹനമോഷ്ടാക്കൾ ഇത്തരം സ്ഥാപനങ്ങൾ ദുരുപയോഗം ചെയ്തതായി കേസുകൾ ഒന്നും നിലവിലില്ല. താക്കോലിന്റെ യഥാർത്ഥ ഉടമ ആവശ്യപ്പെട്ടാൽ മാത്രമേ ഡൂപ്ലിക്കേറ്റ് താക്കോൽ നിർമ്മിച്ച് കൊടുക്കാറുള്ളൂ. എന്നിരുന്നാലും പോലീസ് ഇത്തരം സ്ഥാപനങ്ങളെ നിരീക്ഷിക്കുന്നുണ്ട്.

(ഡി) ആലോചിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly